മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സ്വാതന്ത്ര്യ സമര സേനാനികളെ ബഹുമാനിച്ചു കൊണ്ടുതന്നെയാണ് ഞങ്ങളെല്ലാപേരും മുന്നോട്ടുപോകുന്നത്. അവരുടെ കാര്യത്തിൽ യാതൊരു വിമുഖതയും കാണിക്കുന്നില്ല. അവരുടെ പെൻഷൻ ചിട്ടയായിട്ട് കൊടുക്കുന്നുണ്ട്. സ്വാതന്ത്ര്യ സമര സേനാനികളിൽ 9,728 പേർ സംസ്ഥാന പെൻഷൻ വാങ്ങുന്നവരും 3,000 പേർ കേന്ദ്ര പെൻഷൻ വാങ്ങുന്ന വരുമാണ്. അവർക്ക് മരണാനന്തര ചടങ്ങുകൾക്കായി ആയിരം രൂപ കൊടുത്തിരുന്നു. ഇപ്പോൾ 3,000 രൂപ കൊടുക്കുന്നുണ്ട്. അവർക്ക് 7 ശതമാനം ഡി. എ. കൊടുക്കുന്നുണ്ട്. അത് 35 ശതമാനമാക്കാൻ പ്രയാസമാണ്. ആലോചിച്ചിട്ടേ അത് ചെയ്യാനാകൂ. അവർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കൊടുക്കുന്നതിൽ വലിയ വിമുഖത കാണിക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. ചിലപ്പോൾ കുറച്ച് താമസം വരും. ഏതായാലും പെട്ടെന്ന് കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. തീർച്ചയായും അവരുടെ കാര്യങ്ങൾ വളരെ ഗൗരവമായി ആലോചിക്കുന്നതാണ്.

മി. സ്പീക്കർ: യാതൊരു സ്വാതന്ത്ര്യസമരത്തിലും പങ്കെടുക്കാത്ത കുറേ പേർ പെൻഷൻ വാങ്ങുന്നുണ്ട്. അത് നിർത്താൻ എന്തെങ്കിലും നടപടി യെടുക്കുമോ? സ്വാതന്ത്ര്യം കിട്ടി 57 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും സ്വാതന്ത്ര്യ സമര പെൻഷൻ കൊടുക്കുന്നുണ്ട്.

(5) വിധവ-അഗതികളുടെ പ്രശ്നങ്ങൾ

ശ്രീമതി രാധാരാഘവൻ: കേരളത്തിലെ വിധവ-അഗതികളുടെ സർവ്വേ നടത്തി ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ കണക്കെടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിധവ-അഗതികൾക്ക് വീടു നിർമ്മാണം, വീട് റിപ്പയറിംഗ്, സാനിട്ടറി സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള ആളോഹരി ഫണ്ട് വർദ്ധിപ്പിക്കണം. ചികിൽസാ ഫണ്ട് അനുവദിക്കാനും മക്കൾക്ക് സ്റ്റൈപ്പന്റ് നൽകാനും വിധവ-അഗതി പെൻഷൻ 300 രൂപയാക്കി ഉയർത്താനും 18 വയസ്സുള്ള ആൺമക്കളുണ്ടെങ്കിലും പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): വിധവ-അഗതികൾക്ക് പെൻഷനും മറ്റ് സഹായങ്ങളും നൽകുന്ന പദ്ധതി ഇപ്പോൾത്തന്നെയുണ്ട്. വേറെയും പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പുതിയ പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടില്ല. നഗരസഹായി എന്ന പദ്ധതി ഏക കുടുംബനാഥകൾക്ക് "Own your auto" എന്ന പേരിൽ നടപ്പിലാക്കുന്നുണ്ട്. വിധവകളുടെ പുനരധിവാസത്തിനായി കേന്ദ്ര സഹായത്തോടുകൂടി "സ്വതർ ഹോമുകൾ" ആരംഭിക്കാനുള്ള പരിപാടിയുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളു മായി സഹകരിച്ച് 101 പഞ്ചായത്തുകളിൽ അഗതി പുനരധിവാസ പദ്ധതി കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതുപോലെ പെൻഷൻ പദ്ധതി എല്ലാപേർക്കും അറിയാവുന്നതാണ്. അതും ഉണ്ട്. പ്രത്യേ കമായി ഇനിയും കേന്ദ്ര സഹായമുണ്ടോ, വല്ല പദ്ധതികളുമുണ്ടോ എന്ന് ആലോചിക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly